**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1377** **12-02-2025 - ൽ മറുപടിയ്ക്ക്**

**കുട്ടികളിലെ മാനസികാരോഗ്യപ്രശ്നങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | അമിതമായ മൊബൈൽ ഉപയോഗം, ലഹരി ഉപയോഗം എന്നിവ മൂലം സ്കൂൾ കുട്ടികൾ വിവിധ മാനസികാരോഗ്യ പ്രശ്നങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടുണ്ട്.<br><br>കുട്ടികളിലെ മൊബൈൽ ഫോൺ അമിതോപയോഗത്തെ ഒറ്റപ്പെട്ട ഒരു പ്രശ്നമായല്ല. മറിച്ച് പുതുതലമുറയിലെ കുട്ടികൾ നേരിടുന്ന പലവിധമായ സാമൂഹിക വൈകാരിക വെല്ലുവിളികളിൽ ഒന്നായാണ് കാണേണ്ടത്. മൊബൈൽ ഫോൺ ആശ്രിതത്വ (dependancy)ത്തിലേയ്ക്ക് കുട്ടികൾ വീണുപോകുന്നതിന് മറ്റ് തരത്തിലുള്ള മാനസി ബുദ്ധിമുട്ടുകളും കാരണമാകുന്നുണ്ടാകാം. പഠനത്തിനും സർഗാത്മകവികാസത്തിനും ആവിഷ്കാര ത്തിനും ഗവേഷണത്തിനുമെല്ലാം അനന്ത സാധ്യതകൾ തുറന്നു തരുന്ന മൊബൈൽ ഫോണിനെ അവഗണിച്ചു കൊണ മുന്നോട്ട് പോകാനും കഴിയില്ല എന്നതും പരിഗണിക്കേണ്ടതുണ്ട്. മറ്റ് മാനസികാരോഗ്യ പ്രശ്നങ്ങളുമായി ഉദ്ഗ്രഥിച്ചുകൊണ്ട് മൊബൈൽ അമിതോപയോഗത്തേയും കാണേണ്ടതുണ്ട്.<br><br>ലഹരി ഉപയോഗം കണ്ടെത്തുക, അറിയിക്കുക. പരിഹാര മാർഗങ്ങൾ നിശ്ചയിക്കുക എന്നിങ്ങനെയുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി Standard Operating Procedure (SOP) തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ കേസുകൾ റിപ്പോർട്ട് ചെയ്യുന്നത് സംബന്ധിച്ച് പ്രൈമറി, സെക്കണ്ടറി തലത്തിലെ എല്ലാ അധ്യാപകർക്കും കൃത്യമായ ധാരണ അവധിക്കാല അധ്യാപക പരിശീലനത്തിൽ നൽകിയിട്ടുണ്ട്. സ്കൂളുകളിൽ പ്രവർത്തിക്കുന്ന ജാഗ്രതാ സമിതികളും കാമ്പസിനുള്ളിലെ ലഹരി ഉപയോഗം നിരീക്ഷിക്കുന്നതിനും തടയുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കുട്ടികളിലെ മാനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്കൂളുകളിൽ സൈക്കോളജിസ്റ്റിന്റെയും കൗൺസിലർമാരുടെയും സേവനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സ്കൂളുകളിൽ വനിത ശിശു വികസന വകുപ്പ് മുഖേന കൗൺസിലർമാരെ നിയമിച്ചിട്ടുണ്ട്. |
| (സി) | കുട്ടികളിലെ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ? | (സി) | സ്കൂൾ കുട്ടികളിൽ ഉള്ള മാനസിക ആരോഗ്യപ്രശ്നങ്ങളുടെ വ്യാപനവും തോതും കണ്ടെത്തുന്നതിനും അത് എങ്ങനെയെല്ലാമാണ് പരിഹരിക്കേണ്ടത് എന്നും മനസ്സിലാക്കുന്നതിനുവേണ്ടി വിപുലമായ ഒരു പഠനം എസ് സി ഇ ആർ ടി യുടെ ആഭിമുഖ്യത്തിൽ നടത്തുകയും റിപ്പോർട്ട് തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന മനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കു ന്നതിനും അവരുടെ സുസ്ഥിതി ഉറപ്പാക്കുന്നതിനും എന്തെല്ലാം പരിപാടികളാണ് ഏറ്റെടുത്തു നടപ്പാക്കുന്നത് എന്നും ഇത്തരം പരിപാടികൾ നടപ്പാക്കുന്നതിനുള്ള നയ സമീപനം എന്തായിരിക്കണമെന്നും വിശദമാക്കുന്ന ഒരു സമീപനരേഖ പ്രസ്തുത റിപ്പോർട്ടിൽ പ്രതിപാദിക്കുന്നുണ്ട്. കുട്ടികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾക്ക് കുട്ടികളെ മാത്രം കേന്ദ്രീകരിച്ചല്ല പരിഹാരം തേടേണ്ടത് എന്നും കുട്ടികളുമായി ഇടപെടുന്ന മുതിർന്ന ആളുകളെ കൂടി ഭാഗഭാക്കാക്കി കൊണ്ടുവേണം ഇത്തരം പ്രശ്നപരിഹരണ ശ്രമങ്ങൾ നടപ്പാക്കേണ്ടത് എന്നും ഈ രേഖ പറയുന്നുണ്ട്. കൊവിഡ് കാലത്ത് പൊതു വിദ്യാലയത്തിലെ കുട്ടികൾ അഭിമുഖീകരിച്ച മാനസികാരോഗ്യ സംബന്ധിയായ പ്രശ്നങ്ങളെക്കുറിച്ച് പ്രത്യേകമായ പഠനവും എസ്.സി.ഇ.ആർ.ടി സംഘടിപ്പിച്ചിട്ടുണ്ട്. കുട്ടികൾ അഭിമുഖീകരിച്ച വിവിധങ്ങളായ വെല്ലുവിളികൾ എന്തെല്ലാമാണ് ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കേണ്ടത് എന്നതിനെ സംബന്ധിച്ച നിർദ്ദേശങ്ങളും ഈ പഠനം മുന്നോട്ടു വയ്ക്കുന്നുണ്ട്. വിദ്യാഭ്യാസത്തിൽ അക്കാദമികമായ വികാസത്തോടൊപ്പം തന്നെ സാമൂഹ്യ വൈകാരിക വികാസത്തിനും പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകത ഈ പഠനം ചൂണ്ടിക്കാണിക്കുന്നുണ്ട്.<br><br>നിലവിൽ ഹയർ സെക്കൻഡറി തലത്തിൽ കുട്ടികളുടെ മാനസികാരോഗ്യ സംബന്ധമായ പ്രശ്നങ്ങൾ ഏറ്റെടുക്കുന്നതിനും അവർക്ക് പിന്തുണ നൽകുന്നതിനും വേണ്ടി സൗഹൃദ എന്ന പേരിൽ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ കോ-ഓർഡിനേറ്റർമാരായ അധ്യാപകർക്ക് വിവിധ തലങ്ങളിലുള്ള പരിശീലനങ്ങൾ സംഘടിപ്പിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. ഹൈസ്കൂൾ തലത്തിലുള്ള കുട്ടികളുടെ മനസികാരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി സ്കൂളുകളിൽ വനിതാ ശിശു വികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. കൂടാതെ എല്ലാ അധ്യാപകരേയും പ്രൈമറി കൗൺസിലിംഗി നുള്ള പ്രാപ്തിയുള്ളവരാക്കുകയും കുട്ടികൾക്ക് ഗൈഡൻസ് നൽകാനുള്ള ശേഷി ഉണ്ടാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തിൽ ഉള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നുണ്ട്.<br><br>ഈ മേഖലയിൽ അധ്യാപകർക്ക് പരിശീലനം നൽകുന്നതിനു വേണ്ടി 'നന്മ പൂക്കുന്ന നാളേക്ക്' എന്ന പേരിൽ ഹാൻഡ് ബുക്കുകളും എസ്.സി.ഇ.ആർ.ടി തയ്യാറാക്കിയിട്ടുണ്ട്. കുട്ടികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ ആദ്യഘട്ടത്തിൽ അധ്യാപകർ തന്നെ ഇടപെടുകയും ആവശ്യമായ സമയങ്ങളിൽ കൗൺസിലർമാരുടെ സഹായം തേടുകയും ചെയ്യുക എന്നതാണ് നിലവിലെ രീതി. കൗൺസിലർമാർ ആവശ്യമായ ഘട്ടങ്ങളിൽ വനിതാ ശിശു വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പാരൻറൽ ക്ലിനിക്കുകളുടെയും സൈക്കോളജിസ്റ്റുകളു ടെയും സഹായം തേടുകയും ചെയ്യുന്നു. നിലവിൽ എല്ലാ സ്കൂളുകളിലും കൗൺസിലർമാരുടെ സേവനം ലഭ്യമാക്കാൻ കഴിയുന്നില്ല എന്ന പരിമിതിയുണ്ട്. എന്നിരുന്നാലും മുഴുവൻ അധ്യാപകരെയും ഒരു പ്രാഥമിക കൗൺസിലർ എന്ന നിലയിൽ കൂടി പ്രവർത്തിക്കാൻ കഴിയത്തക്ക രീതിയിൽ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ